പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3668

17.10.2011-ൽ മറുപടിക്ക്

## കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, ഹൈബി ഈഡൻ<br>,, പി. എ. മാധവൻ<br>,, എം. പി. വിൻസെന്റ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ മേഖലയിൽ അനാരോഗ്യകരമായ പ്രവണതകൾ കടന്നുവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) ബാധകമല്ല |
| (സി) കയറ്റുമതിക്കാർ കയറുല്പന്നങ്ങൾ ഇടനിലക്കാരിൽ നിന്നും വാങ്ങാതെ തൊഴിലാളികളിൽ നിന്നും നേരിട്ടുവാങ്ങുവാൻ നടപടികൾ സ്വീകരിക്കുമോ; | (സി) ഈ വിഷയം സർക്കാരിന്റെ അധികാരപരിധിയിലുള്ളതല്ല. എന്നാൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്ന ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം ഉല്പന്നങ്ങൾ തൊഴിലാളികൾ അംഗങ്ങളായുള്ള ചെറുകിട ഉല്പാദകരിൽ നിന്നും തൊഴിലാളിക്ക് അംഗീകരിച്ച മിനിമം വേതനം ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തി സംഭരിച്ച് കയറ്റുമതിക്കാർക്ക് നൽകി വരുന്നുണ്ട്. |

| | |
|---|---|
| (ഡി) കയർ മേഖല കൈവരിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഒരു പങ്ക് കയർ തൊഴിലാളികൾക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) കയർ മേഖല കൈവരിക്കുന്ന സാമ്പത്തിക വളർച്ചയുടെ പ്രയോജനം തൊഴിലാളികൾക്കും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ